# ബോധം: ഒരു അവലോകനം

മുകുന്ദനുണ്ണി

**സമകാലചിന്തയിൽ ബോധം എന്ന പ്രതിഭാസത്തെക്കുറിച്ച് വിലപ്പെട്ട ധാരാളം ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. തത്വശാസ്ത്രം ഈ വിഷയത്തെ സമീപിക്കുന്ന രീതികളെ പരിചയപ്പെടുത്തുകയാണ് ലേഖകൻ**



പെയിന്റിംഗ്: ജോസഫ് എം. വർഗ്ഗീസ്

**ആത്മാവ്** എന്ന സങ്കൽപത്തിന് വളരെ നീണ്ട ചരിത്രമുണ്ട്. ഹിബ്രൂ ഭാഷ സംസാരിച്ചിരുന്ന പുരാതന മനുഷ്യർ ആത്മാവിനെ വായു എന്ന വാക്കുകൊണ്ടാണ് സൂചിപ്പിച്ചിരുന്നത്. ശരീരത്തിന് ജീവൻ കൊടുക്കുന്ന ഘടകം എന്ന അർഥത്തിലാണ് വായുവിനെ അവർ കണക്കാക്കിയിരുന്നത്. അവരുടെ സങ്കൽപത്തിൽ ഇതിന്റെ സ്ഥാനം രക്തത്തിലാണ്. വായു എന്ന സൂചിപ്പിക്കപ്പെടുന്ന ഈ ആത്മാവ് മരണത്തോടെ അവസാനിക്കുന്നതുമാണ്. ഗ്രീക്ക് ചിന്തകരാണ് ആത്മാവിനെ ശരീരത്തിൽ നിന്ന് വേർപെടുത്തുന്നത്. ആത്മാവിന്റെ വീടാണ് ശരീരം എന്ന് പൈതഗോറിയന്മാർ കരുതി. പുനർജന്മത്തിലും അവർ വിശ്വസിച്ചിരുന്നു. എന്നാൽ അരിസ്റ്റോട്ടിൽ ആത്മാവും ശരീരവും രണ്ടാണെന്ന് ധരിച്ചിരുന്നില്ല. ശരീരത്തിന്റെ ധർമ്മവും ഘടനയും മറ്റുമായി ബന്ധപ്പെട്ട രൂപമായാണ് അദ്ദേഹം ആത്മവിനെ കണ്ടത്.

ആത്മാവിനെ കുറിച്ചുള്ള ഇത്തരം സങ്കൽപങ്ങളിൽ ഒരു കാര്യം വ്യക്തമാണ്. എന്തെന്നാൽ ഭൗതികമായാണ് ആത്മാവിനെ കരുതിയിരുന്നത്. ആത്മാവിന് ശരീരം വിട്ട് പറന്നുപോകാൻ മരണശയ്യക്കടുത്തുള്ള ജനവാതിൽ തുറന്നിടുന്ന തരം വിശ്വാസങ്ങളിലും ആത്മാവിനെ ഭൗതികമായാണ് കൽപന ചെയ്യുന്നത്.

പിന്നീട് ശാസ്ത്രീയ മുന്നേറ്റങ്ങളുടെ പശ്ചാത്തലത്തിൽ ശരീരത്തിലെ ആന്തരാവയവങ്ങളെക്കുറിച്ച് സാമാന്യം വ്യക്തമായ ധാരണ ഉണ്ടായതോടെ, ആത്മാവിനെ ശരീരത്തിലെവിടേയും കാണാത്തതിനാൽ, ആത്മാവിനെ കുറിച്ചുള്ള ഇത്തരം സങ്കൽപങ്ങളുടെ വേരറ്റു. ആത്മാവ് എന്ന പരികൽപനയ്ക്ക് പകരം ഈ സ്ഥാനം പിടിച്ചത് മനസ്സ് എന്ന പരികൽപനയാണ്. മനസ്സ് ആത്മാവിൽ നിന്ന് പരികൽപനാപരമായി ഏറെ വ്യത്യസ്തമാണ്. ആത്മാവിനെ ഭൗതിമാ

യാണ് സങ്കൽപിക്കപ്പെട്ടതെങ്കിൽ മനസ്സ് നേരെ തിരിച്ചാണ്.

മനസ്സിനെ പരികൽപനാപരമായി അറിയാനുള്ള മാർഗ്ഗങ്ങളിലൊന്ന് മനസ്സ് എന്ന വാക്ക് കടന്നുവരുന്ന ഭാഷാ പ്രയോഗങ്ങൾ പരിശോധിക്കുകയാണ്. ചില ഉദാഹരണങ്ങൾ നോക്കാം:

1. "നന്നായി മനസ്സിരുത്തി പഠിക്കണം." ഇവിടെ ഏകാഗ്രത എന്ന അർഥത്തിലാണ് മനസ്സ് എന്ന വാക്ക് ഉപയോഗിക്കുന്നത്.

2. "മനസ്സ് കൊടുത്ത് ചെയ്യണം." ഇവിടെ ശ്രദ്ധ എന്ന അർഥത്തിലാണ്.

ഇംഗ്ലീഷിലും ഇതുപോലെ മൈൻഡ് എന്ന വാക്ക് ഉപയോഗിച്ചുള്ള ഭാഷാ പ്രയോഗങ്ങൾ ധാരാളമുണ്ട്. ഉദാഹരണം:


1."Mind your parents" (അനുസരിക്കുക എന്ന അർഥത്തിൽ).

2."Mind your manners" (ശ്രദ്ധ കൊടുത്ത് എന്ന അർഥത്തിൽ). ഇത്തരം ഭാഷാ പ്രയോഗങ്ങൾ എന്തെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ബോധം ഉണ്ടാവുക എന്ന അർഥത്തിലുള്ളവയാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് മനസ്സിനെ കുറിച്ചുള്ള സങ്കൽപങ്ങളിൽ കേന്ദ്ര സ്ഥാനത്ത് നിൽക്കുന്ന ഘടകം ബോധമാണ് എന്നാണ്.

ഏതെങ്കിലും പഠനമേഖലയുടെ സ്വകാര്യ വിഷയമല്ല ബോധം എന്ന പ്രതിഭാസം. വിവിധ പഠനവ്യവസ്ഥകളിൽ ഇതിന്റെ നാനാമുഖങ്ങൾ അന്വേഷിക്കുകയാണ് ചെയ്യപ്പെടുന്നത്. ഓരോ പഠനവ്യവസ്ഥയ്ക്കും അതിന്റേതായ സമീപനരീതിയുണ്ട്. അതായത്, മനശ്ശാസ്ത്രം ഓർമ്മയെ കുറിച്ച് പഠിക്കുകയാണെങ്കിൽ അത് പരിശോധിക്കുന്നത് ഏകദേശം എപ്പോഴൊക്കെയാണ് നന്നായി ഓർമ്മ പ്രവർത്തിക്കുന്നത്, ഓർമ്മ നഷ്ടമാകുന്നതും വാർദ്ധക്യവും തമ്മിൽ എന്തു ബന്ധം, പാരിതോഷികം കിട്ടുമെങ്കിൽ കൂടുതൽ ഓർമ്മിക്കുമോ എന്നൊക്കെയായിരിക്കും. തത്വശാസ്ത്രമാണ് ഓർമ്മയെക്കുറിച്ച് പഠിക്കുന്നതെങ്കിൽ ഒരു പ്രത്യേക മനസിക പ്രതിഭാസം എന്ന നിലയ്ക്ക് ഓർമ്മ എന്ന പരികൽപനയെ അപഗ്രഥനാത്മകമായി പരിശോധിക്കുകയായിരിക്കും ചെയ്യുക. ഓരോ മേഖലയിലെ പഠനങ്ങളും പരിസ്പരപൂരകങ്ങളായിരിക്കുകയും ചെയ്യും.

മനസ്സിനെ കുറിച്ചു മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ശ്രദ്ധിക്കപ്പെടുന്ന ഒരു കേന്ദ്ര ഘടകം ബോധം ആണെന്ന് നേരത്തെ ഭാഷാപ്രയോഗങ്ങളുടെ ഉദാഹരണങ്ങളിൽ സൂചിപ്പിച്ചു. എന്നാൽ അപ്രകാരം പറഞ്ഞതുകൊണ്ട് പ്രത്യേകിച്ച് വലിയ ഫലമില്ല. കാരണം അപ്പോഴും ബോധം എന്താണെന്ന് പറയേണ്ടുന്നത് ബാക്കി നിൽക്കുകയാണ്. ബോധത്തെ കുറിച്ച് ഒരു കാര്യം പറയാം. ബോധമാണ് മനുഷ്യനെ തന്റെ പുറം ലോകത്തുനിന്ന് ഏറെ വ്യത്യസ്ഥനാക്കുന്നത്. അതായത്, ജീവനില്ലാത്തതിനോ ജീവനൊടുങ്ങിയതിനോ ബോധമില്ല. ജീവനുള്ളവയിൽ തന്നെ ജീവരാശിയുടെ പരിണാമത്തിന്റെ കീഴ്പ്പടികളിൽ നിൽക്കുന്ന ചെടികൾക്കോ അമീബയ്ക്കോ ഒന്നും ബോധമില്ല എന്നു പറയാം. ഈ പ്രസ്താവന ചോദ്യത്തെ യാചിക്കുന്നതാണ്. ഒരു ചോദ്യം ഇതാവാം: എങ്ങിനെയാണ് ബോധത്തേയും ബോധമില്ലായ്മയേയും അതിർത്തി തിരിച്ച് കാണിക്കാൻ കഴിയുക? തീർച്ചയായും കഴിയില്ല. വർണ്ണരാശിയിൽ നീലയേയും പച്ചയേയും അതിർത്തി തിരിച്ച് കാണിക്കാൻ കഴിയാത്തതുപോലെ. പക്ഷെ അതുകൊണ്ട് എല്ലാം പച്ചയാണെന്നോ അല്ലെങ്കിൽ എല്ലാം നീലയാണെന്നോ വിധി കൽപിക്കാൻ ന്യായമില്ല.

പൂച്ചയ്ക്ക് അതിന്റെ അനുഭവങ്ങളെ വേണ്ട വിധം ക്രമപ്പെടുത്താൻ കഴിയുന്നുണ്ടാവും. ബാഹ്യവസ്തുക്കളെ വേർതിരിച്ച് മനസ്സിലാക്കാനും കഴിയുന്നുണ്ടാകും. പക്ഷെ പൂച്ച നിരീക്ഷണം നടത്തി പ്രവചിക്കാനിടയില്ല. അതിന്റെ ജീവിതത്തെക്കുറിച്ച് ആലോചിക്കാനിടയില്ല. കുറ്റിക്കാട്ടിൽ എന്താണ് ഇളകുന്നത് എന്ന് പൂച്ച ബോധത്തോടെ ശ്രദ്ധിക്കുന്നുണ്ടാകും. പക്ഷെ ആ ബോധത്തെ കുറിച്ച് പൂച്ചയ്ക്ക് ബോധമില്ല. ചിന്തയെ കുറിച്ച് ചിന്തിക്കാൻ പൂച്ചയ്ക്ക് പ്രാപ്തിയില്ല.







**ഞാൻ ഒരു ചുവന്ന തക്കാളി കാണുമ്പോൾ എന്റെ മസ്തിഷ്കത്തിൽ എന്തെല്ലാം നടക്കുന്നു എന്നുള്ള കാര്യങ്ങൾ ശാസ്ത്രം ഇന്നല്ലെങ്കിൽ നാളെ പൂർണ്ണമായും വിശദീകരിച്ചെന്നിരിക്കും. എന്നാൽ എന്റെ അനുഭവം-ഒരു ചുവന്ന തക്കാളി കാണുക എന്നാൽ ഏതുപോലെയാണ് എന്ന പ്രതിഭാസം - ശാസ്ത്രത്തിന് പുറത്തുനിന്ന് പറയാനാവില്ല.**

ഇവയുടെ തീവ്ര ധ്രുവങ്ങൾ തമ്മിൽ താരതമ്യം ചെയ്താലറിയാം പച്ചയും നീലയും തമ്മിലുള്ള വ്യത്യാസം. അതുപോലെ ജീവരാശിയുടെ പരിണാമദശയിലെ ധ്രുവങ്ങൾ തമ്മിൽ താരതമ്യം ചെയ്താൽ ബോധത്തിന്റേയും ബോധമില്ലായ്മയുടേയും വ്യത്യാസം വ്യക്തമാകും.

## ബോധവും മനുഷ്യബോധവും

മനുഷ്യബോധം ഇതര ജീവികളുടെ ബോധത്തിൽ നിന്ന് വ്യത്യസ്തമാണെന്ന അവകാശവാദം അവലംബിക്കുന്നത് ബോധത്തിന്റെ രണ്ട് മാനങ്ങളെയാണ്. ഒരു കാര്യത്തെക്കുറിച്ച് തന്നെ മനുഷ്യൻ ബാഹ്യമായും ആന്തരികമായും ബോധവാനാണ്. അതായത് ഒരാൾ ഘടികാരം ടിക് ടിക് അടിക്കുന്നതിനെ കുറിച്ച് ബാഹ്യമായി ബോധവാനാവുന്ന അതേ സമയം ആന്തരികമായി താൻ ടിക് ടിക് എന്ന കേൾക്കുകയാണ് എന്ന ആന്തരിക ബോധത്തിനും പ്രാപ്തനാണ്.

ചിന്തിക്കുക എന്നത് മനുഷ്യനെ ഉദ്ദേശിച്ചുള്ള വാക്കാണ്. പൂച്ച ചിന്തിക്കുന്നതിനെ പറ്റി ആരും ഗൗരവമായി പറയാനിടയില്ല. പൂച്ചയ്ക്ക് അതിന്റെ അനുഭവങ്ങളെ വേണ്ടവിധം ക്രമപ്പെടുത്താൻ കഴിയുന്നുണ്ടാവും. ബാഹ്യവസ്തുക്കളെ വേർതിരിച്ച് മനസ്സിലാക്കാനും കഴിയുന്നുണ്ടാകും. പക്ഷെ പൂച്ച നിരീക്ഷണം നടത്തി പ്രവചിക്കാനിടയില്ല. അതിന്റെ ജീവിതത്തെക്കുറിച്ച് ആലോചിക്കാനിടയില്ല. കുറ്റിക്കാട്ടിൽ എന്താണ് ഇളകുന്നത് എന്ന് പൂച്ച ബോധത്തോടെ ശ്രദ്ധിക്കുന്നുണ്ടാകും. പക്ഷെ ആ ബോധത്തെ കുറിച്ച് പൂച്ചയ്ക്ക് ബോധമില്ല. ചിന്തയെ കുറിച്ച് ചിന്തിക്കാൻ പൂച്ചയ്ക്ക് പ്രാപ്തിയില്ല. മനുഷ്യനാകട്ടെ വളരെ സങ്കീർണ്ണമായി ചിന്തിക്കാൻ കഴിയും. ഈ അർഥത്തിൽ മനുഷ്യന് പൂച്ചയെ അപേക്ഷിച്ച് സങ്കീർണ്ണമായ ബോധതലം ഉണ്ടെന്ന് പറയാം.

## റൊബോട്ടുകൾക്ക് ബോധമുണ്ടോ?

ഒരു കംപ്യൂട്ടറിൽ മനുഷ്യനെപ്പോലെ ചിന്തിക്കാൻ വേണ്ടി പ്രോഗ്രാം ചെയ്തുവെന്നിരിക്കട്ടെ. അത് ഒരു സെമിനാർ നടത്തുന്നു. ഇതുകൊണ്ട് മാത്രം ആരെങ്കിലും കരുതുമോ ആ സെമിനാറിൽ പറഞ്ഞതൊക്കെ ആ കംപ്യൂട്ടർ വിശ്വസിക്കുന്നുണ്ടെന്ന്. അതാണ് റൊബോട്ടിന്റെ ബോധവും മനുഷ്യന്റെ ബോധവും തമ്മിലുള്ള വ്യത്യാസം. ആരെങ്കിലും കരുതുമോ അത് അതിന്റെ ചിന്ത പ്രകടിപ്പിക്കുകയാണെന്ന്? വികാരവും ചിന്തയുമുള്ള റൊബോട്ടുകൾ ഉണ്ടാക്കാനാവും. പക്ഷെ അവ ചെയ്യുന്നത് വികാരത്തെ അനുകരിക്കുക മാത്രമാണ്. ചിന്തിക്കുന്ന, വികാരപ്പെടുന്ന പ്രക്രിയ അതിലില്ല. അതിന് ജീവിക്കുള്ളതുപോലെയുള്ള ആന്തരിക ക്രമീകരണമില്ല എന്നാണ് നാടോടി മനഃശ്ശാസ്ത്രത്തിലൂടെ ബോധത്തെ കുറിച്ച് പഠിക്കുന്നവർ കരുതുന്നത്. അതുകൊണ്ട് തന്നെ അതിന് ബോധം ഉണ്ടാകില്ല. ജീവിതം മുഴുവൻ ചലിക്കാനാവാത്ത രോഗം പിടിച്ച മനുഷ്യനും കടുത്ത സെറിബ്രൽ പ്ലാസി ബാധിച്ച ആൾക്കും സമ്പന്നമായ മാനസിക ജീവിതം ഉണ്ടാകുമെന്ന് നാടോടി മനഃശ്ശാസ്ത്രം കരുതുന്നു. ഇത് തെളിയിക്കാൻ വിഷമമാണെങ്കിൽ കൂടി.

## ബോധവും മനസ്സും

മാനസിക പ്രതിഭാസങ്ങൾ ഉണ്ടാകാൻ ബോധം വേണം. അതുകൊണ്ട് മാനസിക പ്രതിഭാസങ്ങളുടെ അനിവാര്യ ഘടകമായി ബോധത്തെ കണക്കാക്കാം. സന്തോഷം കൊണ്ട് ചിരിക്കുക, അസന്തുഷ്ടി പ്രകടിപ്പിക്കാൻ മുഖം ചുളിക്കുക എന്ന് തുടങ്ങി നിരവധി കാര്യങ്ങൾ മാനസിക പ്രതിഭാസങ്ങളാണ്. മുഖം ചുളിക്കുക എന്നാൽ മുഖപേശികളുടെ പ്രവർത്തനം മാത്രമല്ല. അത് ജീവിതരൂപത്തിന്റെ ഭാഗമാണ്. അല്ലെങ്കിൽ സാംസ്കാരികമാണ്. അർഥമുള്ള ആംഗ്യഭാഷയാണ്.

മാനസിക പ്രതിഭാസങ്ങളെ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നതിൽ ഏറെ പോരായ്മകളുണ്ട്. പല അനുഭവങ്ങളുണ്ടെങ്കിലും ഒരാൾക്ക് ഒരു പെരുമാറ്റവും പ്രകടിപ്പിക്കാതിരിക്കാം. ഒരു പെരുമാറ്റവും ഇല്ലെങ്കിൽ പിന്നെ എങ്ങിനെ അയാൾക്ക് ബോധം ഉള്ളതായി കണക്കാക്കും. പെരുമാറ്റത്തെ അടിസ്ഥാനമാക്കിയുള്ള സമീപനം മൂന്നാമന്റെ വീക്ഷണമാണ്. എന്തുകൊണ്ട് മൂന്നാമന്റെ വീക്ഷണത്തിലൂടെ ബോധത്തെ അന്വേഷിക്കണം എന്ന ചോദ്യം ഉയരാം. ഒരാൾക്ക് മലയാള ഭാഷ അറിയാം എന്നുള്ളത് പ്രസക്തമാകുന്നത് മൂന്നാമന്റെ സമക്ഷത്തിൽ വെച്ചാണ്. മാത്രമല്ല ഒരാളുടെ എന്തിനെയെങ്കിലും കുറിച്ചുള്ള ധാരണ ശരിയാണോ എന്ന് തീർച്ചപ്പെടുത്താൻ മൂന്നാമൻ വേണം. പക്ഷെ മൂന്നാമന്റെ വീക്ഷണത്തിൽ ഒരു സുപ്രധാന കാര്യം വിട്ടുപോകുന്നുണ്ട്. ഒന്നാമന്റെ ആന്തരികാനുഭവം. വേദനിക്കുമ്പോൾ മുഖം ചുളിക്കുകയോ നിലവിളിക്കുകയോ ചെയ്യുമ്പോൾ മൂന്നാമന്റെ വീക്ഷണത്തിൽ വേദനയെ തിരിച്ചറിയാം. പക്ഷെ പെരുമാറ്റത്തിന് കാരണമാകുന്നത് ഒന്നാമന്റെ ആന്തരിക അനുഭവമാണ്, അയാൾ അനുഭവിക്കുന്ന വേദനയാണ്.

## ബോധത്തിന്റെ പ്രശ്നങ്ങൾ

ബോധത്തിന്റെ പ്രവർത്തനത്തെ കുറിച്ച് ഡേവിഡ് ചാമേഴ്സ് (David Chalmers, 1996) രണ്ട് പ്രശ്നങ്ങൾ പറയുന്നുണ്ട്. കടുത്തതും എളുപ്പമുള്ളതും എന്നിങ്ങനെ ഈ പ്രശ്നങ്ങളെ തരം തിരിക്കുന്നു. ബോധം എന്ന അവസ്ഥയെ എങ്ങിനെയാണ് മസ്തിഷ്കശാസ്ത്ര

പ്രകാരം വശദീകരിക്കാൻ കഴിയുക എന്നുള്ളതാണ് കടുത്ത പ്രശ്നം. ചുവപ്പ് കാണുന്നതിന്റെ മസ്തിഷ്കാവസ്ഥയുടെ അടിസ്ഥാനം തലച്ചോറിലെ ഒരു സംഭവം ആണെങ്കിൽ എന്തുകൊണ്ട് ഇതേ സംഭവം തന്നെ മറ്റേതെങ്കിലും അനുഭവത്തിന്റെ അടിസ്ഥാനമായിക്കൂടാ, എന്തുകൊണ്ട് ഇതിന്റെ മാത്രമാകണം?

തോമസ് നെയ്ജലും ഇതേ പ്രശ്നത്തെ കുറിച്ച് പറയുന്നുണ്ട്. ഈ കടുത്ത പ്രശ്നത്തിന് പരിഹാരം ഇല്ല എന്നു പറയുന്നതിന് രണ്ട് ന്യായങ്ങൾ കാണിക്കുന്നുണ്ട്. ഒന്നാമതായി, ഇന്ന് വരെ ആർക്കും ഇതിന് ഒരു പരിഹാരം നിർദ്ദേശിക്കാൻ കഴിഞ്ഞിട്ടില്ല. ഊഹത്തിന്റെ അടിസ്ഥാനത്തിൽ പോലും നല്ല ഒരു ഉത്തരം ഇതുവരെ ഉണ്ടായിട്ടില്ല. രണ്ടാമതായി ഇപ്പോഴുള്ള അറിവുകൾ ഉത്തരം നല്കാൻ പ്രാപ്തരല്ല. നെയ്ജൽ പറയുന്നതുപോലെ വസ്തുനിഷ്ഠമായ ഉത്തരമാണ് ഈ ചോദ്യത്തിന് ആവശ്യം. പക്ഷെ വസ്തുനിഷ്ഠമായ വിശദീകരണത്തിൽ എപ്പോഴും വിഷയിയുടെ ഭാഗം വിസ്മരിക്കപ്പെടും.

ബോധത്തെ സംബന്ധിച്ചുള്ള കടുത്ത പ്രശ്നത്തെ കുറിച്ച് ധാരാളം കാഴ്ചപ്പാടുകളുണ്ട്. അവയിൽ ഏതാനും കാഴ്ചപ്പാടുകൾ ഇതാണ്:

1. ഈ പറഞ്ഞ രീതിയിലുള്ള ബോധം നില നില്ക്കുന്നില്ല. പിന്നെയല്ലേ അതിന്റെ കടുത്ത പ്രശ്നത്തിന്റെ കാര്യം ഉദിക്കുന്നുള്ളൂ (ഡെന്നറ്റ്).

2. ബോധത്തെ പ്രതിഭാസപരമായല്ലാതെ തന്നെ മനസ്സിലാക്കാം. പരികല്പനാപരമായ അപഗ്രഥനത്തിലൂടെ. പെരുമാറ്റത്തെ പഠിച്ചും ബോധന ശാസ്ത്രത്തിലടെ അന്വേഷിച്ചും മറ്റും പഠിക്കാവുന്നതാണ്.

3. ബോധത്തെ പ്രതിഭാസപരമല്ലാത്ത ഒന്നായി ചുരുക്കാൻ കഴിയില്ല എന്നാണ് പ്രതിഭാസപരമായ യാഥാർഥ്യവാദം പറയുന്നത്. ചൂടിനെ തന്മാത്രകളുടെ ചലനത്തിന്റെ ഊർജ്ജമായി ശാസ്ത്രീയമായി മനസ്സിലാക്കാമെങ്കിലും തത്വശാസ്ത്രപരമായി ചൂടിനെ അപ്രകാരം ലഘൂകരിക്കാൻ കഴിയില്ല. ഈ വാദം ബോധത്തിന്റെ കടുത്ത പ്രശ്നത്തെ അംഗീകരിക്കുന്നുണ്ടെങ്കിലും എംപരിക്കലായ അന്വേഷണത്തിലൂടെയാണ് അവർ പ്രശ്നപരിഹാരം ലക്ഷ്യമാക്കുന്നത്. ഇക്കൂട്ടത്തിൽ പെട്ട ജോൺ സേൾ തത്വശാസ്ത്രപരമായ ലഘൂകരണവാദത്തേയും ശാസ്ത്രത്തിന്റെ ലഘൂകരണത്തിന് തുല്യമായി എതിർക്കുന്നു.

4. ബോധത്തിനും മസ്തിഷ്ക ശാസ്ത്രത്തിനും അടിസ്ഥാനമായി കൂടുതൽ ആഴത്തിലുള്ള ഒരു യാഥാർഥ്യം ഉണ്ട് (മാക്സ് വെൽമേൻ).

ആന്തിരികാനുഭവത്തെ കൂടുതൽ വിശദമാക്കാൻ പ്രേതമനുഷ്യരെ (zombies) സങ്കല്പിക്കുന്നുണ്ട് ചാമേഴ്സ് (chalmers). ഈ പ്രേതമനുഷ്യർ മനുഷ്യരെ പോലെ തന്നെ പെരുമാറും. പക്ഷെ ആന്തരിക അനുഭവം ഉണ്ടാകില്ല.

മനുഷ്യന് കൈകാലുകൾ ഉള്ളതുപോലെയാണ് പക്ഷിയ്ക്ക് ചിറകുകൾ, കണ്ണുകൾ വെളിച്ചം ഉപയോഗിച്ച് കാണുവാനുള്ളതാണ്, ജീവജാലങ്ങളുടെ വളർച്ചയുടെ ഘടനയെ നിർണ്ണയിക്കുന്നതിനാണ് ജീനുകൾ... ഇതുപോലെ മനസ്സിനെ കുറിച്ചുള്ള പ്രവർത്തിവാദപരമായ പരികല്പനകളുണ്ട്. എന്നാൽ ഈ വിശദീകരണത്തോടുള്ള പ്രധാന വിമർശനം അതിന് ബോധാനുഭവത്തിൽ ഒരു വിഷയിക്ക് അനുഭവപ്പെടുന്നതെന്തോ അതിനെ വിശദീകരിക്കാൻ കഴിയില്ല എന്നതാണ്. അത് മനസ്സിലാക്കാൻ ശ്രമിക്കുന്നതിനുള്ള ഇടം പോലും ഇതിലില്ല. അതായത് മനസ്സിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ഓരോന്നും എന്തിനാണെന്ന് പറയാൻ കഴിഞ്ഞാലും അനുഭവിക്കുന്നതിന്റെ അവസ്ഥയിലാവുക എന്നത് എങ്ങിനെ എന്ന് മനസ്സിലാക്കാനോ വിശദീകരിക്കാനോ കഴിയില്ല. വേദന അനുഭവിക്കുക എന്ന് വെച്ചാൽ ഏതുപോലെയാണ് എന്ന് ഈ വിശദീകരണ രീതിയ്ക്ക് പറയുവാൻ കഴിയില്ല. വേദനയുമായി ബന്ധപ്പെട്ട മസ്തിഷ്ക പ്രവർത്തനങ്ങളിലല്ലാതെ തന്നെ വേദന സങ്കല്പിക്കാനും അതേ സമയം വേദനയുടെ മസ്തിഷ്ക പ്രവർത്തനങ്ങളുണ്ടായിട്ടും ആ വേദന അനുഭവത്തിൽ തോന്നാതിരിക്കാനും കഴിയും മനുഷ്യന്.


## ആന്തരികാനുഭവം

ബോധത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിൽ തീർപ്പ് കല്പിക്കാനാകാത്ത പ്രശ്നങ്ങളിലൊന്നാണ് ആന്തരികാനുഭവത്തിന്റെ പ്രശ്നം. ബോധം ഒരു മസ്തിഷ്ക പ്രക്രിയ ആണെന്ന് പറഞ്ഞാലും ആന്തരികാനുഭവത്തിന്റെ പ്രശ്നം വീണ്ടും ബാക്കിയാകുന്നു. അതാണ് പരിഹരിക്കപ്പെടാത്തത്. വേദന മസ്തിഷ്ക പ്രക്രിയയാണെന്ന് തെളിഞ്ഞാൽ പോലും ഒരാൾ വേദനയോ മറ്റേതെങ്കിലും അനുഭവമോ ആന്തരികമായി അനുഭവിക്കുന്നതായ ബോധം തികച്ചും ആത്മനിഷ്ഠമായി ശേഷിക്കും. മസ്തിഷ്ക പ്രക്രിയയെ കുറിച്ചുള്ള അറിവ് എപ്പോഴും വസ്തുനിഷ്ഠമായിരിക്കുകയും ചെയ്യും. ഇവ തമ്മിൽ ബന്ധിപ്പിക്കാൻ കഴിയുന്ന പാലത്തെ അന്വേഷിക്കുകയാണ് മിക്കവാറും അന്വേഷകരും.

ശാസ്ത്രത്തിന് പിടി നല്കാത്താണ് ബോധം, പ്രത്യേകിച്ചും പ്രതിഭാസപരമായ ബോധം എന്ന് തോമസ് നേജൽ പറയുന്നു. ശാസ്ത്രം ലോകത്തെക്കുറിച്ച് എവിടെ നിന്നുമല്ലാത്ത കാഴ്ചയാണ് പ്രദാനം ചെയ്യുന്നത്. ശാസ്ത്രത്തിന് കാണാൻ കഴിയാത്ത വസ്തുതകളുണ്ട്. അവയെ ശാസ്ത്രത്തിന് വിശദീകരിക്കാൻ കഴിയില്ല. വിഷയിയുടേതായ വസ്തുതകളാണിവ. കാഴ്ചപ്പാടിന്റെ വസ്തുതകൾ. എന്റെ വീട്ടിൽ കസേരകളും മേശകളും അടുക്കിവെച്ചിരിക്കുന്നതിന്റെ രൂപകല്പനയെക്കുറിച്ച് ശാസ്ത്രത്തിന് കാര്യമായി പറയാൻ കഴിയില്ല. കാരണം ശാസ്ത്രത്തിന്റേത് കാഴ്ചപാടില്ലാത്ത കാഴ്ചയാണ്. ഞാൻ ഇവിടെ ഇരിക്കുകയാണ്, കസേര ഇവിടെയാണ്, മേശ എന്നിൽ നിന്ന് ദൂരെ അതാ അവിടെയാണ്. ഇത്തരം കാര്യങ്ങൾ ശാസ്ത്രത്തിന് വിശദീകരിക്കാൻ കഴിയില്ല. ഇതാണ് നേജൽ പറയുന്നത്. ഈ വസ്തുതകളെല്ലാം കാഴ്ചപ്പാടുമായി ബന്ധപ്പെട്ടതാണ്. ഞാൻ ഒരു ചുവന്ന തക്കാളി കാണുമ്പോൾ എന്റെ മസ്തിഷ്കത്തിൽ എന്തെല്ലാം നടക്കുന്നു എന്നുള്ള കാര്യങ്ങൾ ശാസ്ത്രം ഇന്നല്ലെങ്കിൽ നാളെ പൂർണ്ണമായും വിശദീകരിച്ചെന്നിരിക്കും. എന്നാൽ എന്റെ അനുഭവം-ഒരു ചുവന്ന തക്കാളി കാണുക








**ഒരാൾ പൂച്ചയെ കാണുന്നതിന്റെ ന്യൂറോസയൻസ് മാതൃക**

എന്നാൽ ഏതുപോലെയാണ് എന്ന പ്രതിഭാസം - ശാസ്ത്രത്തിന് പുറത്തുനിന്ന് പറയാനാവില്ല. അതിന് പുറത്തുനിന്ന് പറയാനാകും. എന്നാൽ ഉള്ളിൽ നിന്ന് വിഷയി അനുഭവിക്കുന്ന കാര്യങ്ങൾ ബാക്കിയാവും.

ആത്മനിഷ്ഠമായ ആന്തരിക അനുഭവമായല്ലാതെ ബോധത്തെ മനസ്സിലാക്കാനാവും എന്ന് കരുതുന്നവരാണ് മറ്റു ചിലർ. പെരുമാറ്റത്തെ അടിസ്ഥാനമാക്കിയും, പ്രവർത്തിപരമായും, പ്രതിനീധീകരണ പ്രക്രിയയുടെ ഭാഗമായും, അറിയുക എന്നതിലടങ്ങിയിരിക്കുന്ന പ്രക്രിയകളുടെ (ബോധനശാസ്ത്രം) ഭാഗമായും ബോധം എന്ന പരികൽപനയെ അപഗ്രഥിക്കാനുള്ള ശ്രമങ്ങളുണ്ട്.

മറ്റൊരു വിഭാഗം ചിന്തിക്കുന്നത് ശാസ്ത്രം പുരോഗമിക്കുമ്പോൾ ബോധത്തെ മസ്തിഷ്ക ശാസ്തം തന്നെ വിശദമായി മനസ്സിലാക്കും എന്നാണ്. വിഷയിയുടെ ആത്മനിഷ്ഠമയ അനുഭവവും മസ്തിഷ്ക പ്രക്രിയയും രണ്ടല്ല. ചൂടിനെ ശാസ്ത്രം തന്മാത്രാ ചലന ഊർജ്ജം എന്നു വിളിക്കുമ്പോൾ തോന്നുന്ന വ്യത്യാസം മാത്രമേ ബോധത്തിന്റെ ആത്മനിഷ്ഠ അനുഭവവും മസ്തിഷ്ക പ്രക്രിയയും തമ്മിലുള്ള പ്രത്യക്ഷമായ അന്തരത്തിന് ഉള്ളൂ എന്നാണ് ഇക്കൂട്ടർ വാദിക്കുന്നത്. മറ്റു ചിലരുടെ വാദം മസ്തിഷ്ക ശാസ്ത്രത്തിനും ആത്മനിഷ്ഠവാദത്തിനും അടിസ്ഥാനമായി ആഴത്തിലുള്ള യാഥാർത്ഥ്യം ഉണ്ടെന്നാണ്.

ആത്മനിഷ്ഠമായ അനുഭവം തലക്കകത്തെ നാഡീപ്രവർത്തനങ്ങളുടെ ഗുണമാണ് എന്നു പറയുന്നത് ആത്മനിഷ്ഠതാവാദത്തേക്കാൾ ഒട്ടും നിഗൂഢത കുറഞ്ഞ വാദമല്ല എന്നു സമർഥിക്കാൻ ശ്രമിക്കുന്നവർ ബോധത്തിന് വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ തലങ്ങളുണ്ടെന്നും ഒന്ന് മറ്റൊന്നിലേയ്ക്ക് ചുരുക്കാനാവില്ല എന്നുമാണ് വാദിക്കുന്നത്.

ഇതിനെ ഉദാഹരിക്കാൻ ഫ്രാൻക് ജാക്സൺ പറയുന്ന ഒരു സങ്കൽപ കഥയുണ്ട്. ഈ കഥയിൽ മേരി എന്ന നാഡീശാസ്ത്രജ്ഞ കറുപ്പും വെളുപ്പും മാത്രമുള്ള ഒരു മുറിയിൽ വളർത്തപ്പെടുന്നു. വർണ്ണങ്ങളെക്കുറിച്ചും വർണ്ണാനുഭവത്തിന്റെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചും അവർക്ക് നന്നായി അറിയാം. എന്നാൽ അവർ ആദ്യമായി മുറിവിട്ടിറങ്ങിയപ്പോൾ ചുവപ്പ് വർണ്ണം കാണാനിടയാകുന്നു. അതോടെ അവർക്ക് ആദ്യമായി മനസ്സിലാകുന്നു ചുവപ്പ് വർണ്ണം കാണുക എന്നു വെച്ചാൽ എന്തുപോലെയാണെന്ന്. മേരി ഇത്ര കാലം മനസ്സിലാക്കിയ ശാസ്ത്രീയ വസ്തുതകളിൽ ഈ അനുഭവം പെടുന്നില്ല.

മേരിയുടെ അനുഭവങ്ങൾ തീർത്തും രണ്ടല്ല എന്ന മറുവാദം നോക്കാം. വെള്ളത്തിന്റെ തന്മാത്രാഘടനയെ കുറിച്ചുള്ള അറിവും വെള്ളത്തെക്കുറിച്ചുള്ള ബോധവും രണ്ടല്ല. മറിച്ച് ഒന്നിന്റെ തന്നെ രണ്ട് സങ്കൽപങ്ങളുടെ പ്രതിനിധാനങ്ങളാണ്. ഇപ്രകാരം മേരി പുറത്തിറങ്ങിയപ്പോൾ കിട്ടിയത് മുറിയിൽ വെച്ച് നേരത്തെ മറ്റൊരു പരികൽപനയിലൂടെ പരിചയപ്പെട്ട ഒരു ഗുണത്തിന്റെ രണ്ടാമതൊരു പരികൽപനയിലൂടെ ലഭിച്ച പരിചയമാണ്. മുറിയിലിരിക്കുമ്പോൾ മേരി ചുവപ്പിന്റെ ആത്മനിഷ്ഠാനുഭവത്തെ ഭൗതിക സങ്കൽപം വഴിയാണ് അറിഞ്ഞത്. മുറി വിട്ടിറങ്ങിയപ്പോൾ ഇതേ കാര്യത്തെക്കുറിച്ചുള്ള ആന്തരികാനുഭൂതിയുടെ തലത്തിലുള്ള മറ്റൊരു പരികൽപന ആർജ്ജിക്കുന്നു. അതായത് മേരി പുതുതായി ഒന്നും പഠിച്ചില്ല എന്ന് താൽപര്യം. മേരി അറിഞ്ഞത് നേരത്തെ അറിയാവുന്ന ഒരു പഴയ






വസ്തുതകൾ ഒരു പുതിയ സങ്കൽപം മാത്രമാണ്. മേരി എന്ന മസ്തിഷ്കശാസ്ത്രജ്ഞ കഥാപാത്രമായുള്ള ഈ ചിന്താപരീക്ഷണത്തിലടങ്ങിയിട്ടുള്ള വാദത്തെ പലരും വിമർശിച്ചിട്ടുണ്ടെങ്കിലും ബോധത്തെ സംബന്ധിച്ചുള്ള കാതലായ പ്രശ്നത്തെ അത് പ്രദർശിപ്പിക്കുന്നുണ്ട്.

ജാക്സൺ ഉന്നയിക്കുന്ന മേരിയുടെ അനുഭവത്തിന് ലൂയീസ് മറുപടി നല്കുന്നത് ഇങ്ങിനെയാണ്. രണ്ട് തരം അറിവുണ്ട്. ഭാഷയിലൂടെയുള്ള അറിവും പ്രായോഗിക ജ്ഞാനവും. ഷൂവിന്റെ നാര് കെട്ടുന്നതിനെ കുറിച്ച് എത്ര പഠിച്ചാലും അത് ഷൂനാര് കെട്ടുന്നതിൽ നിന്ന് വ്യത്യസ്തമാണ്. രണ്ട് തരം വസ്തുതകൾ ഇവിടെ ഇല്ല. പക്ഷെ മേരിയ്ക്ക് വർണ്ണാനുഭവത്തിൽ പ്രായോഗിക ജ്ഞാനമല്ലാത്ത അറിവുകളും ഉണ്ട്. മഞ്ഞ ചുവപ്പിനേക്കാൾ ഊഷ്മളമാണെന്ന വസ്തുത അവർക്കുണ്ടാകുന്നുണ്ട്.

ബോധം മസ്തിഷ്കത്തിലെ ഭൗതിക ഘടകങ്ങളല്ലെങ്കിൽ പിന്നെ എന്താണ്? ബോധം എന്ന പ്രതിഭാസം ഉണ്ട് എന്നുള്ള കാര്യം പൊതുവിൽ ആരും സമ്മതിക്കും. ബോധത്തെക്കുറിച്ചുള്ള സാമാന്യ ധാരണ അത് ഭൗതികമല്ല, അത് എവിടെയെങ്കിലും ഇടം പിടിച്ചിരിക്കുന്ന ഒന്നല്ല എന്നൊക്കെയാണ്. സാമാന്യ ധാരണ ബോധത്തെ വളരെ അവ്യക്തമായി മനസ്സിനകത്താണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. എന്നാൽ ഇത് വെറും സാമാന്യ ധാരണയാണ്, വാസ്തവം നേരെ തിരിച്ചാണ്, ശാസ്ത്രം കുറേക്കൂടി വളരുന്നതിലൂടെ ഇത്തരം പ്രാകൃത ചിന്തകൾ ദൂരീകരിക്കും എന്ന എതിർവാദവും ശക്തമാണ്. പക്ഷെ ഈ വാദം ഒരു വാഗ്ദാനം നൽകുന്നതിലപ്പുറം പോകുന്നില്ല. ഭൗതികം എന്ന വാക്കിന് നിർവ്വചന വ്യാപ്തി നൽകി ബോധത്തിന്റെ ആത്മനിഷ്ഠാനുഭവങ്ങളെ കൂടി ഉൾകൊള്ളിക്കുന്നതാക്കണം എന്നാണ് മറ്റൊരു വാദം. എന്നാൽ അങ്ങിനെ ഭൗതികം എന്ന സങ്കൽപത്തിനെ വലിച്ച് നീട്ടുന്നതിലൂടെ എന്ത് പ്രയോജനമാണ് ഉള്ളത് എന്ന് വ്യക്തമല്ല.

ബോധത്തെ മനസ്സിലാക്കാനുള്ള പ്രധാന ശ്രമങ്ങൾ രണ്ട് തട്ടിൽ നിൽക്കുകയാണ്. ബോധത്തിന് ആന്തരികാനുഭവത്തിന്റേതായ ഒരു ആത്മനിഷ്ഠ വശമുണ്ട് എന്ന വാദമാണ് ഇവയിലൊന്ന്. മസ്തിഷ്ക പ്രക്രിയകളും ഒരു അനുഭവത്തിലൂടെ കടന്നുപോകുക എന്ന അനുഭവവും രണ്ടാണ് എന്ന ഇവരുടെ വാദം ഈ രണ്ട് അനുഭവ തലങ്ങളേയും ബന്ധിപ്പിക്കുന്ന ഒരു പാലം കണ്ടെത്താനാവാതെ ദ്വന്ദവാദമായി നിൽക്കുകയാണ്. ബോധം പൂർണ്ണമായും ഒരു മസ്തിഷ്ക പ്രക്രിയയാണ് എന്ന് പറയുന്നവർ ആത്മനിഷ്ഠമായ ആന്തരിക അനുഭവത്തെ മസ്തിഷ്ക പ്രക്രിയകളുടെ ഫലമായി ഉണ്ടാകുന്ന ഒരു പ്രതിഭാസമായാണ് കാണുന്നത്. ഇവരുടെ പരാജയം ആത്മനിഷ്ഠാനുഭവങ്ങളെ ബോധ്യപ്പെടും വിധം വിശദീകരിക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ്.

ഈ രണ്ട് വാദങ്ങളും അടിസ്ഥാനപരമായ ഒരു പിശക് പങ്കുവെയ്ക്കുന്നുണ്ടെന്ന് മാക്സ് വെൽമേൻസ്[1] പറയുന്നു. ലോകത്തെ മനുഷ്യർ കാണുന്ന രീതിയെ കുറിച്ചുള്ള അടിസ്ഥാന ധാരണയിലത്രെ ഈ പിശക്. ദൈനംദിന ജീവിതാനുഭവത്തിന് നിരക്കുന്നതല്ല വസ്തുനിഷ്ഠം/ആത്മനിഷ്ഠം എന്ന രീതിയിൽ അനുഭവങ്ങളെ നോക്കികാണൽ എന്ന് വെൽമേൻസ് പറയുന്നു.



വര: ജോസഫ് എം വർഗ്ഗീസ്

## തെർമോമീറ്ററിന് ബോധമുണ്ടോ?

തെർമോമീറ്റർ ചൂടിന്റെ അളവ് കാണിക്കും. പക്ഷെ അതിന് ചൂട് അനുഭവിക്കാൻ കഴിയില്ല. ചൂട് അതിന്റെ അനുഭവമാകുന്നില്ല. അതുകൊുതന്നെ ആ അനുഭവത്തെക്കുറിച്ചുള്ള ബോധം ഉാകില്ല. പക്ഷെ മനുഷ്യന് ബോധത്തോടെ ചൂട് അനുഭവിക്കാൻ കഴിയും. മനുഷ്യന് ഒരു വിഷയി ആകാൻ കഴിയും. ഈ വിഷയിയുടേതാകുന്നു ചൂടെന്ന അനുഭവം. തെർമോമീറ്ററിന് വിഷയിത്വമില്ല. ജന്തുക്കൾക്കു പോലുമില്ല.

[1] Velmans, Max. Consciousness, Brain and the Physical world. Philosophical psychology 3, (1), 1990, 77-99.





**കണ്ണു തുറന്ന് കാണുമ്പോൾ കാഴ്ച പുറത്താണ്. കണ്ണടച്ചാൽ മനസ്സിൽ തെളിയുന്ന ദൃശ്യങ്ങൾ അകത്തു കാണുന്ന പോലെയാണ് തോന്നുക. ഈ പ്രതിഭാസങ്ങളെല്ലാം സൂചിപ്പിക്കുന്നത് നാം മനസ്സിലാക്കുന്ന ലോകം അതിനേക്കാൾ അടിസ്ഥാനപരമായ യഥാർഥ ലോകത്തിന്റെ പ്രതിനിധാനമാണ് എന്നാണ്.**

## നാം കാണുന്ന ലോകം

ബോധന പ്രക്രിയകൾ ലക്ഷ്യമാക്കുന്നത് നമുക്ക് പുറം ലോകത്തെക്കുറിച്ച് വിവരം നല്കാനാണ്. എന്നാൽ ഇന്ദ്രിയങ്ങളിലൂടെ നമുക്ക് ലഭിക്കുന്ന വിവരം രൂപം മാറിയാണ് വരുന്നത്. അതായത് വൈദ്യുത തരംഗം ടെലിഫോൺ സ്വീകരണിയിലൂടെ ചെവിയിലേയ്ക്ക് ശബ്ദമായി മാറുന്നതുപോലെ. ബോധഘടനയ്ക്ക് ലഭിക്കുന്നത് ഇത്തരം വിവരമാണ്. ഉള്ളിൽ ലഭിക്കുന്ന ഈ വിവരത്തിന്റെ പുറത്തുള്ള കാരണത്തെ ഊഹിച്ചും പരിശോധിച്ചും പൂർണ്ണമാക്കിയെടുക്കുകയാണ് ബോധപ്രക്രിയ. ഉള്ളിൽ പ്രതിനിധാനം ചെയ്യപ്പെടുന്നതിന്റെ പുറത്തുള്ള കാരണങ്ങളെ ഊഹിച്ചും പരിശോധിച്ചുമാണ് ഈ ബോധപ്രക്രിയ ക്രമീകരിച്ച് അറിവിലെത്തുന്നത് എന്നത്രെ ബോധശാസ്ത്രം കരുതുന്നത്.

നാം കാണുന്ന ലോകം യഥാർഥത്തിൽ അതുപോലെ തന്നെയാണോ? പഞ്ചേന്ദ്രിയങ്ങളിലൂടെ മനുഷ്യൻ മനസ്സിലാക്കുന്ന ലോകം മസ്തിഷ്ക പ്രവർത്തനങ്ങളുടെ ഫലമായി യഥാർഥ ലോകത്തിന്റെ ഒരു മാതൃകയെ പുറത്തേയ്ക്ക് പ്രദർശിപ്പിക്കുകയാണ് എന്നാണ് വെൽമേൻസ് സമർഥിക്കുന്നത്. മനുഷ്യൻ പരിണാമത്തിലുടനീളം പ്രകൃതിയുമായി നിലനിൽപിന് വേണ്ടി മല്ലിടുമ്പോൾ സ്വായത്തമാക്കിയ കുറേ ഗ്രഹണ സാമഗ്രികളാണ് ഇപ്പോൾ നാം യാഥാർഥ്യമായി കരുതുന്ന ലോകത്തെ സൃഷ്ടിക്കുന്നത്. നമുക്ക് പുറത്തുള്ള യാഥാർഥ്യത്തെ നമ്മുടെ ഗ്രഹണ, മനന സാമഗ്രികളുടെ സഹായത്തോടെ പുനർനിർമ്മിച്ച് പുറത്തേയ്ക്കോ അകത്തേയ്ക്കോ പ്രൊജക്റ്റ് ചെയ്തു നമ്മുടേതായ ഒരു ലോകം ഉണ്ടാക്കുകയാണത്രെ ചെയ്യുന്നത്.

ഒരു പാട്ടു കച്ചേരി കേൾക്കുമ്പോൾ നാം ശ്രവണാനുഭവത്തെ പുറത്ത് പാടുന്ന ഗായകനിലാണ് പ്രതിഷ്ഠിക്കുന്നത്. ഇയർഫോണിൽ പാട്ടുകേൾക്കുമ്പോൾ പക്ഷെ തലയ്ക്ക് അകത്തുനിന്ന് കേൾക്കുന്നതുപോലെയാണ് തോന്നുക. ഇയർഫോണിന്റെ അറ്റത്ത് നിന്ന് കേൾക്കുന്നതുപോലെയല്ല. കാഴ്ചയുടെ അനുഭവവും ഇങ്ങിനെ തന്നെ. കണ്ണു തുറന്ന് കാണുമ്പോൾ കാഴ്ച പുറത്താണ്. കണ്ണടച്ചാൽ മനസ്സിൽ തെളിയുന്ന ദൃശ്യങ്ങൾ അകത്തു കാണുന്നതുപോലെയാണ് തോന്നുക. ഈ പ്രതിഭാസങ്ങളെല്ലാം സൂചിപ്പിക്കുന്നത് നാം മനസ്സിലാക്കുന്ന ലോകം അതിനേക്കാൾ അടിസ്ഥാനപരമായ യഥാർഥ ലോകത്തിന്റെ പ്രതിനിധാനമാണ് എന്നാണ്.

ഇങ്ങിനെ നാം സൃഷ്ടിക്കുന്ന ലോകം ലോകത്തിന്റെ മാതൃകകളിലൊന്നാവാനേ വഴിയുള്ളൂ. മിക്കവാറും ഭേദപ്പെട്ട മാതൃകയായിരിക്കാം. കാരണം മനുഷ്യൻ അത്രയേറേ ലോകത്തിന് മുകളിൽ ആധിപത്യം സ്ഥാപിക്കുന്നുണ്ടല്ലോ. മൃഗങ്ങളും അവരുടേതായ ഗ്രഹണ സാമഗ്രികളിലൂടെ വ്യത്യസ്ഥമായ ലോകത്തെ പ്രതിനിധാനം ചെയ്ത് മനസ്സിലാക്കുകയായിരിക്കാം.

ഇപ്രകാരം അനുഭവങ്ങളെല്ലാം പ്രതിനിധീകരണമായതിനാൽ ബോധത്തെക്കുറിച്ചുള്ള ആലോചനകൾ മസ്തിഷ്ക ശാസ്ത്രത്തിന്റെ ലഘൂകരണങ്ങളിലേയ്ക്കോ മസ്തിഷ്ക പ്രക്രിയകൾക്ക് പുറമേ ആന്തരികാനുഭൂതിയുണ്ടെന്നും അതാണ് ബോധത്തിന്റെ ഉള്ളടക്കം എന്ന ദ്വന്ദവാദത്തിലേക്കോ വഴി തെറ്റാതെ സൂക്ഷിക്കാൻ കഴിയുമെന്നാണ് വെൽമേൻസ് സൂചിപ്പിക്കുന്നത്.

ബോധാനുഭവത്തിൽ സ്വത്വത്തിന്റെ ഭാഗധേയം വളരെ നിർണ്ണായകമാണ് എന്ന് ചാമേഴ്സ് കൂട്ടിച്ചേർക്കുന്നുണ്ട്. അതായത്, ആന്തരികമായ ബോധാനുഭവത്തിൽ എന്റെ, സ്വന്തം, എന്റെ അനുഭവത്തിലെ നില, ഞാൻ തന്നെയാണ് ഈ നില അനുഭവിക്കുന്നത്, എന്നിങ്ങനെയുള്ള വശങ്ങളുണ്ട്. എല്ലാ ബോധാനുഭവത്തിലും വിഷയിയുടേതായ ഒരു സാന്നിധ്യമുണ്ട്.

## ബോധം എന്ന സോഫ്റ്റ്വെയർ

ഡെന്നറ്റ് പറയുന്നത് മനസ്സ് ഒരു വെർച്വൽ യന്ത്രമാണെന്നാണ്. മനുഷ്യൻ ഭാഷ ആർജിക്കുന്നതോടെയും തന്നത്താൻ സംസാരിക്കുന്നതോടെയും മനസ്സ് മസ്തിഷ്ക പ്രവർത്തനങ്ങൾക്ക് സമാന്തരമായി പ്രവർത്തിയ്ക്കും എന്നാണ് അദ്ദേഹം പറയുന്നത്. തലച്ചോറിനെ ഹാർഡ്വെയറായും ബോധത്തെ അതിന്റെ പിൻബലത്തിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്വെയറായുമാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്. സോഫ്റ്റ്വെയറിനെ കുറിച്ചറിയാൻ ഹാർഡ്വെയർ പഠിക്കുന്നതിൽ കാര്യമില്ല എന്നതുപോലെ, ഡെന്നറ്റിന്റെ അഭിപ്രായത്തിൽ ബോധത്തെ കുറിച്ച് അറിയാൻ തലച്ചോറിനെ കുറിച്ചു പഠിക്കുന്നത് ഒരു പാഴ്വേലയാണ്. ഭാഷ ആർജിക്കുന്നതാണ് ബോധമുണ്ടാകുന്നതിന്റെ കാരണം എന്ന ഡെന്നറ്റിന്റെ വാദത്തിന്, ഒരു പക്ഷെ, നിരവധിഎതിർ ദൃഷ്ടാന്തങ്ങൾ ചൂണ്ടി കാട്ടാൻ കഴിയും. നവജാത ശിശു, തലച്ചോറിന് ക്ഷതം പറ്റി ഭാഷ ഉപയോഗിക്കാൻ കഴിവ് നഷ്ടപ്പെട്ടവർ, ഇവർക്കൊന്നും ബോധമില്ല എന്ന സൂചന ഡെന്നറ്റിന്റെ വാദത്തിലുണ്ട്. ●

---

unni.mukundan@gmail.com

*1. ഇന്റർനെറ്റിൽ ബോധത്തെ സംബന്ധിച്ചുള്ള 2573 ഓൺലൈൻ പേപ്പറുകൾ ചാമേഴ്സ് ശേഖരിച്ചുവച്ചിട്ടുണ്ട്.*
http://consc.net/online.html എന്ന സൈറ്റ് നോക്കുക.